**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

നം.ഡിഡി3/342/2016-തസ്വഭവ

തിരുവനന്തപുരം, തീയതി: 25.11.2016.

## സർക്കുലർ

വിഷയം- 'ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013'- ഗുണഭോക്താക്കളുടെ അന്തിമ പട്ടിക അംഗീകരിക്കുന്നത് സംബന്ധിച്ച്.

--------------------

'ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013' കേരളത്തിൽ 2016 നവംബർ മാസം മുതൽ നടപ്പിൽ വന്നുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉള്ള ഉത്തരവാദിത്വങ്ങളെയും, അധികാരങ്ങളെയും സംബന്ധിച്ച് അദ്ധ്യായം 10 ൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച G.S.R. 213/E തീയതി 20-03-2015 നമ്പർ ഉത്തരവിലെ വകുപ്പ് 3 (11) പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലവനും സംസ്ഥാന സർക്കാരിന്റെ പൊതുവിതരണ വകുപ്പിലെ നിയുക്ത ഉദ്യോഗസ്ഥനും കൂടി കരട് പട്ടികയിൽ ആക്ഷേപം കേട്ടും ഹിയറിംഗ് നടത്തിയും വേണം അന്തിമ പട്ടിക തയ്യാറാക്കുവാൻ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ചെയർമാനായും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറായും വില്ലേജ് ഓഫീസർ, ഐ.സി.ഡി.എസ് ഓഫീസർ അംഗങ്ങളുമായ വെരിഫിക്കേഷൻ കമ്മിറ്റി കരട് പട്ടികയിലെ പരാതികളും അവകാശവാദങ്ങളും പരിശോധിച്ച് വരുന്നു. അപ്രകാരം പരിശോധിച്ച് തീരുമാനമെടുത്ത് തയ്യാറാക്കുന്ന അന്തിമ ഗുണഭോക്തൃ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് പ്രമേയം പാസ്സാക്കണമെന്ന് നിയമം അനുശാസിക്കുന്നു. ഇതിന് ഒരു സമയക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സമയപരിധിക്കുള്ളിൽ അന്തിമ പട്ടിക അംഗീകരിച്ച് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

HO 1/12/2016.

**ടി.പി.വിജയകുമാർ**
സ്പെഷ്യൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
5. ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
6. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. എല്ലാ നഗരസഭാ അദ്ധ്യക്ഷന്മാർക്കും പ്രസിഡന്റുമാർക്കും /സെക്രട്ടറിമാർക്കും (പകർപ്പ് നഗരസഭാ ഡയറക്ടർ മുഖേന)
8. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും,/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന )

9. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും,/സെക്രട്ടറിമാർക്കും (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
10. ഡയറക്ടർ പബ്ലിക് റിലേഷൻ, തിരുവനന്തപുരം
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
12. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്